# ‘പാപിയെ തേടിവന്ന ദൈവം’

## റോമര്‍ 5:8,9

‘‘ക്രിസ്തുവോ നാം പാപികള്‍ ആയിരിക്കുമ്പോള്‍ തന്നേ നമുക്കുവേണ്ടി മരിക്കുകയാല്‍ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദര്‍ശിപ്പിക്കുന്നു. അവന്റെ രക്തത്താല്‍ നീതീകരിക്കപ്പെട്ട ശേഷമോ നാം അവനാല്‍ എത്ര അധികമായി കോപത്തില്‍നിന്നു രക്ഷിക്കപ്പെടും.’’

ദൈവം സ്നേഹമാകുന്നുവെന്ന് നാം എപ്പോഴും കേട്ടറിഞ്ഞിട്ടുള്ളവരാണ്. സ്വര്‍ഗ്ഗീയ മഹത്വം വിട്ടിറങ്ങി നമ്മെ തേടി ഈ ഭൂമിയിലേക്ക് വന്ന യേശുക്രിസ്തുവിലൂടെ മാത്രമാണ് ആ യഥാര്‍ത്ഥ ദൈവസ്നേഹം നാം ദര്‍ശിക്കുന്നത്. എല്ലാവിധത്തിലുള്ള പാപത്തിലും ജീവിച്ചുപോന്ന നമ്മെ ആ ഉള്ള അവസ്ഥയില്‍ തന്നെ സ്നേഹിക്കുവാനും നേര്‍വഴിക്ക് നയിക്കുവാനും ഒരു പുതിയ സൃഷ്ടിയാക്കിത്തീര്‍ക്കുവാനും അവിടുത്തേക്ക് മഹാകരുണ തോന്നിയല്ലോ.

വിശ്വാസികള്‍ എന്നഭിമാനം കൊള്ളുന്ന നാം ഓരോരുത്തരും ഈ നല്ല കര്‍ത്താവിനെ പ്പോലെ നമ്മുടേതായ എല്ലാ സ്ഥാനമാനങ്ങളില്‍ നിന്നും ഒന്നു വിട്ട്, ബലഹീനരും പാപി കളുമായ ജീവിതങ്ങളിലേക്ക് ഇറങ്ങിച്ചെല്ലേണം എന്നുള്ള വലിയ ഒരു ചുമതല നമുക്കുണ്ട്. പാപത്തെ വെറുത്ത് പാപിയെ സ്നേഹിക്കുവാന്‍ നാം അവരിലേക്ക് കടന്നു ചെല്ലേണം. അതിനായി നാം ചിലപ്പോള്‍ നമ്മുടേതായ ചില പദവികളും സ്വാര്‍ത്ഥ താല്പര്യങ്ങളും ഒക്കെ മാറ്റിവെക്കേണ്ടി വന്നേക്കാം.

നമ്മെ സ്നേഹിക്കുന്നവരെ സ്നേഹിക്കുവാന്‍ മാത്രമല്ല, ശത്രുവിനെയും സ്നേഹിക്കണം എന്നാണല്ലോ കര്‍ത്താവ് നമ്മെ പഠിപ്പിച്ചിരുന്നത്. നമ്മുടെ കര്‍ത്താവ് ചുങ്കക്കാരോടും പാപി കളോടുമൊപ്പം ഭക്ഷണം കഴിച്ചുവെന്ന് മത്തായി എഴുതിയ ലേഖനത്തില്‍ നമുക്ക് വായിക്കാവുന്നതാണ്. അതുപോലെ മുഖപക്ഷമില്ലാതെ ഏവരെയും ഒരുപോലെ സ്നേഹി ക്കുവാന്‍ നമുക്ക് കഴിയട്ടെ.

കര്‍ത്താവ് ക്രൂശില്‍ കിടക്കുമ്പോഴും തന്റെ സമീപെ ഉണ്ടായിരുന്ന കള്ളന് പാപക്ഷമ കൊടുക്കുന്നതായി നമുക്ക് അറിയാമല്ലോ. കര്‍ത്താവിന്റെ അനന്തസ്നേഹം ഇന്നും അനേകം വ്യക്തിജീവിതങ്ങള്‍ക്ക് രൂപാന്തരം കൊടുത്തുകൊണ്ടിരിക്കുന്നു. നമ്മുടെ വിശ്വാസജീവിതത്തില്‍ പോലും അറിഞ്ഞും അറിയാതെയും ചെറിയ ചെറിയ പാപങ്ങള്‍ നാം ചെയ്തുപോകുന്നുണ്ടാകാം. അവയെ മറച്ചുവെക്കാതെ ദൈവസന്നിധിയില്‍ ഏറ്റു

പറയുന്നുവെങ്കിൽ ദൈവം നമ്മോട് ക്ഷമിക്കുവാൻ മനസ്സുള്ളവനാണ്. നാം നമ്മെത്തന്നെ വിധിക്കുന്നുവെങ്കിൽ പിതാവ് നമ്മെ സ്നേഹിക്കുന്നു.

സമൂഹത്തിൽ പാപികളും ദോഷികളുമായവരെ വിധിച്ച് പഴിപറഞ്ഞ് ജീവിക്കുവാനല്ല ക്രിസ്തു നമ്മെ വിളിച്ചിരിക്കുന്നത്, മറിച്ച് അവരിലേക്ക് ക്രിസ്തുവിന്റെ സ്നേഹവുമായി കടന്നു ചെല്ലുവാനും അവർക്ക് നേർവഴി കാണിച്ചുകൊടുക്കുവാനുമത്രെ. ആയതിനാൽ നമ്മുടെ കർത്താവിനെപ്പോലെ എല്ലാ തുറകളിലുമുള്ളവരെയും ഒരുപോലെ സ്നേഹിക്കുവാൻ നമുക്ക് സാധിക്കട്ടെ. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ.

പരാമർശം :

1 യോഹന്നാൻ 1:7

‘‘അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു’’

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 038